# 2. ആററംബോംബ് നമ്മുടെ തലയ്ക്കുമുകളിലും

ഇതെഴുതാൻ ഇരിക്കുമ്പോൾ കേട്ട ഒരു റേഡിയോ പ്രക്ഷേപണത്തിൽ, പാകിസ്ഥാൻ അണുബോംബ് നിർമിച്ചുവരുന്നതായി പ്രചരിക്കുന്ന വാർത്തകളിൽ പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി.

പാകിസ്ഥാനോ, മൂന്നാം ചേരിയിൽപ്പെട്ട മററു രാജ്യങ്ങളോ അണുബോംബ് നിർമിച്ചില്ലെങ്കിൽത്തന്നെ, വൻശക്തികളുടെ കൈകളിൽ ഇപ്പോഴുള്ള അണു–ആയുധ–ശേഖരത്തിൽനിന്നുള്ള വിപത്ത്, മുഖ്യമായും ദരിദ്രരാജ്യങ്ങളെയാണു നേരിട്ടുകൊണ്ടിരിക്കുന്നത്. അതായത്, അമേരിക്കയുടെയോ റഷ്യയുടെയോ അണ്വായുധങ്ങൾ റഷ്യയിലോ അമേരിക്കയിലോ പ്രയോഗിക്കപ്പെടാനുള്ള സാധ്യതയേക്കാൾ എത്രയോ കൂടുതലാണ് ഈ ആയുധങ്ങൾ അണുശക്തിസമ്പന്നങ്ങളല്ലാത്ത മൂന്നാം ചേരി (ദരിദ്ര) രാജ്യങ്ങളിൽ പ്രയോഗിക്കപ്പെടാനുള്ള സാധ്യത നഗരത്തിൽ രണ്ടു റൗഡിസംഘങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ സ്വത്തു നഷ്ടമോ ജീവഹാനിയോ സംഭവിക്കുക, പലപ്പോഴും, ഒന്നുമറിയാത്ത, ഒരു സംഘത്തിലും പെടാത്ത, പാവം വഴിപോക്കർക്കായിരിക്കുമല്ലോ, അതുപോലെ.

രണ്ടാം മഹായുദ്ധത്തിനുശേഷമുള്ള നാലു പതിററാണ്ടുകളിൽ ഭൂമിയിലാകെ നൂററമ്പതോളം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. ഈ യുദ്ധങ്ങളിൽ, ഏതാണ്ടു പത്തെണ്ണം ഒഴിച്ചാൽ ബാക്കി എല്ലാംതന്നെ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതും ദരിദ്രരാജ്യങ്ങളിലാണ്; ദരിദ്രരാജ്യങ്ങൾ തമ്മിലാണ്. 1945–നും 1976–നും ഇടയ്ക്കു നടന്ന നൂററിരുപതു യുദ്ധങ്ങളിൽ, അറുപത്തിനാലെണ്ണത്തിൽ മുതലാളിത്തരാഷ്ട്രങ്ങൾ സൈനികമായി ഇടപെട്ടു; ആറെണ്ണത്തിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ പങ്കുചേർന്നു; പതിനേഴെണ്ണത്തിൽ മററു ദരിദ്രരാജ്യങ്ങൾ പക്ഷംപിടിച്ചു. അതായത്, രണ്ടാം മഹായുദ്ധത്തിനുശേഷമുള്ള കാലഘട്ടം, ദരിദ്രരാജ്യങ്ങൾ ചെയ്യുന്ന യുദ്ധങ്ങളിൽ വൻശക്തികൾ പങ്കുപിടിക്കുന്ന ഒരു കാലഘട്ടമായിരുന്നു; ഇപ്പോഴും അതെ.

യുദ്ധങ്ങൾ നടക്കുന്നതു് ദരിദ്രരാജ്യങ്ങളുടെ മണ്ണിൽവച്ച് ആണെങ്കിലും, യുദ്ധങ്ങളിലെ ജയമോ പരാജയമോ നിർണയിക്കുന്നതു സമ്പന്നരാജ്യങ്ങളുടെ സൈനികശക്തിയും ആയുധശക്തിയുമാണ് എന്നതത്രേ ഇപ്പോഴത്തെ നില. ദരിദ്രരാജ്യങ്ങളിലെ യുദ്ധങ്ങളിൽ പട്ടാളക്കാരെ ഇറക്കിയും ആയുധങ്ങൾ നൽകിയും ഇടപെടുന്ന സമ്പന്നരാജ്യങ്ങളിൽ പ്രഥമസ്ഥാനം അമേരിക്കയ്ക്കുതന്നെ. രണ്ടാംമഹായുദ്ധത്തിനുശേഷം 1945 മുതൽ 1976 വരെ നടന്നിട്ടുള്ള യുദ്ധങ്ങളിൽ പകുതിയോളം എണ്ണത്തിൽ അമേരിക്ക ഏതെങ്കിലുമൊരു പക്ഷംചേർന്നു പടവെട്ടിയിട്ടുണ്ട്.

1976–നുശേഷം യുദ്ധങ്ങൾ കുറയുകയല്ല, കൂടുകയാണു ചെയ്തിട്ടുള്ളതു്. ഒപ്പംതന്നെ, അമേരിക്കയും റഷ്യയും ഇടയിലുണ്ടായിരുന്ന സംഘർഷാവസ്ഥാശൈഥില്യം (ദേതാന്ത്) തകർന്നിരിക്കുകയുമാണ്. ഈ പരിതസ്ഥിതിയിൽ ദരിദ്രരാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിൽ, ഉദാഹരണത്തിനു ഗൾഫ്പ്രദേശത്തോ മെഡിററേനിയൻ പ്രദേശത്തോ മധ്യാമേരിക്കയിലോ, വൻശക്തികൾ ഇടപെടുന്നപക്ഷം, ഇവിടെയെല്ലാം അണ്വാ

യുധങ്ങൾ, പ്രത്യേകിച്ചും ന്യൂട്രോൺബോംബുപോലെ സ്വത്തുനാശം കുറവും ജീവനാശം കൂടുതലുമായ, യുദ്ധരംഗത്തു നേരിട്ടു പ്രയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള (ടാക്ടിക്കൽ) അണ്വായുധങ്ങൾ പ്രയോഗിക്കപ്പെടുന്നതിനുള്ള സാധ്യത വളരെയേറെയാണ്. ഗൾഫിൽ, ഇറാനും ഇറാക്കും തമ്മിലുള്ള യുദ്ധം മുറുകുകയും തത്ഫലമായി പാശ്ചാത്യരാജ്യങ്ങളുടെ 'എണ്ണത്താല്പര്യങ്ങൾ' അപകടത്തിലാവുകയുമാണെങ്കിൽ, ഈ യുദ്ധത്തിന് അറുതിവരുത്തുവാൻ അവിടെ അണ്വായുധങ്ങൾ പ്രയോഗിക്കുന്നതിനെപ്പററി പരസ്യമായ ചർച്ചകൾ അടുത്തകാലത്തു പാശ്ചാത്യരാജ്യങ്ങളിലെ ഗൗരവമുള്ള യുദ്ധതന്ത്ര പ്രസിദ്ധീകരണങ്ങളിൽ നടക്കുകയുണ്ടായി. ലെബനോൺ യുദ്ധത്തിൽ അണ്വായുധങ്ങൾ പ്രയോഗിക്കാനുള്ള സാധ്യത അമേരിക്ക ചിന്തിക്കാതിരുന്നിട്ടില്ല.

തെക്കേ അമേരിക്കയിലെ അർജൻറീനയും ബ്രിട്ടനും തമ്മിൽ ഫാക്ലൻഡ് (മാൽവീനാസ്) ദ്വീപുകളെച്ചൊല്ലി 1982–ൽ ഒരു യുദ്ധം നടക്കുകയുണ്ടായല്ലോ. ഫ്രഞ്ചുകാർ നൽകിയ 'എക്സോസെററ്' എന്ന മിസ്സൈൽ ഉപയോഗിച്ച് ആർജൻറീനക്കാർ ബ്രിട്ടീഷുകാരുടെ 'ഷെഫീൽഡ്' എന്ന വലിയ പടക്കപ്പൽ മുക്കിക്കളഞ്ഞതു് ഈ യുദ്ധത്തിലെ ഏററവും വലിയ സംഭവമായിരുന്നു. ഇതിനെത്തുടർന്നു് ആററംബോംബ് സംഘടിപ്പിച്ച മിസ്സൈലുകൾ കയററിയ ഒരു ബ്രിട്ടീഷ് മുങ്ങിക്കപ്പൽ ആർജൻറീനയ്ക്കെതിരെ, അററ്ലാൻറിക് കടലിലെ അസൻഷൻ ദ്വീപുകൾക്കടുത്തു്, തയ്യാറാക്കി നിർത്തപ്പെട്ടുവെന്നു് ബ്രിട്ടനിലെ 'ന്യൂസ്റ്റേററ്സ്മാൻ' എന്ന പ്രസിദ്ധവാരിക വെളിപ്പെടുത്തിയിട്ടുണ്ട്. ആററംബോംബ് പ്രയോഗിച്ചു നശിപ്പിക്കുവാൻ വടക്കേ ആർജൻറീനയിലെ 'കോർഡോവ' എന്ന നഗരത്തെ ബ്രിട്ടൻ തെരഞ്ഞെടുത്തുവെന്നും 'ന്യൂസ്റ്റേററ്സ്മാൻ' പറയുന്നു. ബ്രിട്ടൻെറ മറെറാരു യുദ്ധക്കപ്പൽകൂടി ആർജൻറീന മുക്കിയിരുന്നെങ്കിൽ, കോർഡോവനഗരത്തെ ആററംബോംബ് ഉപയോഗിച്ച് ബ്രിട്ടൻ ഭസ്മമാക്കിക്കളയുമായിരുന്നത്രെ! ഇവിടെ ശ്രദ്ധിക്കാനുള്ള സംഗതി, അണ്വായുധങ്ങൾ സ്വന്തമായി ഇല്ലാത്ത ഒരു ദരിദ്രരാജ്യമാണ് ആർജൻറീന എന്നതാണ്.

അണ്വായുധങ്ങളില്ലാത്ത രാജ്യങ്ങൾക്കെതിരെ അണ്വായുധങ്ങൾ പ്രയോഗിക്കപ്പെടുന്നതിൽ അസാധാരണമായി ഒന്നുംതന്നെയില്ല. അണ്വായുധങ്ങളില്ലാതിരുന്ന ജപ്പാനു് എതിരായാണല്ലോ, യുദ്ധം അവസാനിക്കാറായ സമയത്തു്, അമേരിക്ക രണ്ടു് ആററംബോംബുകൾ പ്രയോഗിച്ചതു്. ഹിറോഷിമയും നാഗസാകിയും ആററംബോബിട്ടു നശിപ്പിക്കുകയെന്ന, മനുഷ്യചരിത്രത്തിൽ എന്നും കറുകറുത്ത ലിപികളിൽ എഴുതപ്പെടേണ്ട, മഹാപാതകം ചെയ്തതിനുശേഷം, ചുരുങ്ങിയതു് ഇരുപതു പ്രാവശ്യമെങ്കിലും അമേരിക്ക മററു രാജ്യങ്ങൾക്കെതിരെ ആററംബോംബ് പ്രയോഗിക്കുമെന്ന ഭീഷണി ഉയർത്തിയിട്ടുണ്ട്. 1949-ലാണ് ആററംബോംബ് നിർമിക്കാനുള്ള കഴിവ് സോവിയററ് യൂണിയനു കൈവന്നതു്. പ്രയോഗസജ്ജങ്ങളായ ധാരാളം ആററംബോംബുകൾ ഉണ്ടാക്കിവെക്കാൻ സോവിയററ് യൂണിയനു പിന്നേയും പത്തുവർഷങ്ങളോളം വേണ്ടിവന്നു. ആററംബോംബ് തങ്ങളുടെമാത്രം കുത്തകയായിരുന്ന ഇക്കാലമത്രയും അമേരിക്ക സോവിയററ് യൂണിയനെതിരെ ആററംബോംബു ഭീഷണി പല തവണ ഉയർത്തിപ്പോന്നു. സോവിയററ് അണുബോംബുശേഖരം അമേരിക്കൻ അണുബോംബുശേഖരത്തോടു കിടപിടിക്കുമെന്നായപ്പോൾ, അമേരിക്ക റഷ്യയെ അണുബോംബ് കാട്ടി ഭീഷണിപ്പെടുത്താതായി. റഷ്യയിൽനിന്നു് ഒരു അണുബോംബാക്രമണം ഉണ്ടാവാതെ തടയുക (ഡിറററൻസ്) മാത്രമാണ് അമേരിക്കൻ അണുബോംബുശേഖരത്തിൻെറ ഉദ്ദേശ്യമെന്നായി പിന്നീടുള്ള പ്രചാരണം.

പക്ഷേ, ഇതിനുശേഷവും ആററംബോംബ് കൈവശമില്ലാത്ത മൂന്നാം ചേരിരാഷ്ട്രങ്ങളെ അണുബോംബ് കാട്ടി ഭീഷണിപ്പെടുത്തുകയെന്ന നയം അമേരിക്ക ഉപേക്ഷിച്ചില്ല.

1946–ൽ യൂഗോസ്ലാവിയയ്ക്കുമീതെ പറന്നിരുന്ന ഒരു അമേരിക്കൻ വിമാനം വെടിവച്ചു വീഴ്ത്തപ്പെട്ടു. തുടർന്ന്, അണുബോംബുകൾ കയററിയ ആറ് അമേരിക്കൻ ബി 29 ബോംബർവിമാനങ്ങൾ യൂഗോസ്ലാവിയയുടെ അതിർത്തി നീളെ പറന്നു പ്രകടനം നടത്തി. കടുത്ത ഒരു ഭീഷണി പ്രയോഗമായിരുന്നു ഇത്.

1950–ൽ കൊറിയയിൽ പൊട്ടിപ്പുറപ്പെട്ട ആഭ്യന്തരയുദ്ധത്തിൽ അമേരിക്ക ഇടപെട്ടു. അവിടെ അണുബോംബ് പ്രയോഗിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നു തോന്നിക്കുന്ന വിധത്തിലായിരുന്നു അമേരിക്കൻ പ്രസിഡണ്ട് ട്രൂമാൻെറ നടപടികൾ. കൊറിയയിൽ അണുബോംബ് പ്രയോഗിക്കുന്നതിനെപ്പററി 1953–ൽ ഐസൻഹോവർ പ്രസിഡണ്ട് ആയിരിക്കേ, അമേരിക്കൻ ഗവണ്മെൻറ് ഗൗരവമായിത്തന്നെ ആലോചിക്കുകയുണ്ടായി.

വിയററ്നാമിൻെറ സ്വാതന്ത്ര്യസമരകാലത്ത്, ദീൻബീൻഫുവിലെ യുദ്ധത്തിൽ ഫ്രഞ്ച് സാമ്രാജ്യത്വത്തിനു നേരിട്ട ഭീമമായ പരാജയത്തെ തുടർന്ന്, 1954–ൽ വിയററ്നാം സ്വാതന്ത്ര്യഭടന്മാർക്കെതിരെ ആററംബോംബ് പ്രയോഗിക്കുന്നതിനെപ്പററി അമേരിക്ക ആലോചിച്ചിരുന്നു. 1969 മുതൽ 1972 വരെയുള്ള കാലഘട്ടത്തിൽ അമേരിക്കൻ പ്രസിഡണ്ട് നിക്സൻ, മദ്യപിച്ചു ലക്കില്ലാതെ, വിയററ്നാമിൽ ആററംബോംബിടുമെന്നു പലകുറി പുലമ്പിയിരുന്നുവെന്ന് അമേരിക്കൻ പത്രലേഖകനായ സെയ്മൂർഹെർഷ് 'അധികാരത്തിൻെറ വില' (ദി പ്രൈസ് ഓഫ് പവർ) എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തെക്കേ അമേരിക്കയിൽ ഗ്വാട്ടെമാല എന്ന രാജ്യത്തിലെ പ്രസിഡണ്ടായിരുന്ന അർബെൻസ് 1954–ൽ സോവിയററ് സഹായം സ്വീകരിക്കാൻ തീരുമാനിച്ചു; 'അമേരിക്കയുടെ വാഴപ്പഴത്തോട്ടം' എന്നറിയപ്പെട്ടിരുന്ന ഗ്വാട്ടെമാലയുടെ ഈ നടപടിക്കെതിരെ, അടുത്ത അയൽപക്കമായ നിക്കരാഗ്വയിൽ അമേരിക്ക ആററംബോംബുകൾ കയററിയ പോർവിമാനങ്ങളെ ഒരുക്കിനിർത്തി. അന്ന് ഏകാധിപത്യഭരണത്തിൻ കീഴിലായിരുന്ന നിക്കരാഗ്വ അമേരിക്കൻ ചേരിയിലായിരുന്നു. ഇന്ന് തെക്കേ അമേരിക്കയിൽ അമേരിക്കയുടെ ഏററവും വലിയ ശത്രുവാണ് ജനാധിപത്യഭരണമുള്ള നിക്കരാഗ്വ!

1971–ൽ ബംഗ്ലാദേശിൻെറ വിമോചനസമരത്തിൽ ഇന്ത്യ ഇടപെട്ടതിനെത്തുടർന്ന് അണ്വായുധങ്ങൾ ഘടിപ്പിച്ച അമേരിക്കയുടെ ഏഴാം കടൽപ്പട ബംഗാൾ ഉൾക്കടലിലേക്കു നീങ്ങി. അക്കാലത്ത് സോവിയററ് യൂണിയനുമായി ഇന്ത്യ ഉണ്ടാക്കിയ സൗഹാർദക്കരാർ അമേരിക്കൻ അണ്വായുധങ്ങളിൽനിന്നുള്ള സംരക്ഷണത്തെക്കൂടി ഉദ്ദേശിച്ചുള്ളതായിരുന്നു.

1973–ലെ അറബ്–ഇസ്രായേൽ യുദ്ധകാലത്ത് ലോകമെങ്ങുമുള്ള തങ്ങളുടെ അണ്വായുധപ്പടകളോടു ജാഗ്രതയായിരിക്കാൻ അമേരിക്ക നിർദ്ദേശിക്കുകയുണ്ടായി.

അണ്വായുധങ്ങൾ സ്വന്തമായി ഇല്ലാത്ത ദരിദ്രരാജ്യങ്ങളെ അണ്വായുധങ്ങൾ കാട്ടി അമേരിക്ക ഭീഷണിപ്പെടുത്തിയിട്ടുള്ളതിൻെറ ഏതാനും ഉദാഹരണങ്ങളാണ് മേൽ ചേർത്തത്. യാഥാർത്ഥ്യത്തിൻെറ തൊട്ടുമുമ്പിലെ പടിയാണ് ഭീഷണി എന്ന വസ്തുത നാം മറന്നുകൂടാ.

സോവിയററ് യൂണിയൻ, ഫ്രാൻസ്, ചൈന എന്നിവയാണല്ലോ മററ് അണുശക്തിരാഷ്ട്രങ്ങൾ. ഈ മൂന്നു രാഷ്ട്രങ്ങളും മൂന്നാം ചേരിരാജ്യ

ങ്ങഠംക്കെതിരെ അണ്വായുധഭീഷണി ഉയർത്തിയതായി ഇന്നോളം അറി വായിട്ടില്ല. എന്നാൽ, 1969–70–ലെ സോവിയററ് ചൈനീസ് അതിർത്തി യുദ്ധകാലത്തു തങ്ങഠംക്കെതിരെ സോവിയററ് യൂണിയൻ അണ്വായുധഭീഷണി പ്രയോഗിക്കുകയുണ്ടായി എന്നു് ചൈന പരാതിപ്പെട്ടിട്ടുണ്ടു്.

അണ്വായുധങ്ങഠം ആദ്യമായി പ്രയോഗിക്കുന്നതു് തങ്ങഠം ആയിരിക്കുകയില്ലെന്നു് സോവിയററ് യൂണിയനും ചൈനയും പ്രഖ്യാപിച്ചിട്ടുണ്ടു്. അതായതു് ശത്രു തങ്ങഠംക്കെതിരെ അണ്വായുധങ്ങഠം പ്രയോഗിച്ചാൽ തിരിച്ചടിക്കുന്നതിനു മാത്രമേ സോവിയററ് യൂണിയനും ചൈനയും അണ്വായുധങ്ങഠം പ്രയോഗിക്കുകയുള്ളു. ഇത്തരമൊരു പ്രതിജ്ഞ ചെയ്യാൻ അമേരിക്കയും ബ്രിട്ടനും ഫ്രാൻസും തയ്യാറായിട്ടില്ല. ആദ്യമായി അണ്വായുധം പ്രയോഗിക്കാനുള്ള അധികാരം (ഫസ്റ്റ് സ്ട്രൈക്ക് റൈററ്) തങ്ങഠംക്കുണ്ടെന്നു് അമേരിക്ക പ്രഖ്യാപിച്ചിട്ടുമുണ്ടു്. കമ്യൂണിസ്റ്റു രാജ്യങ്ങളാകയാൽ സോവിയററ് യൂണിയന്റെയും ചൈനയുടെയും വാക്കു വിശ്വസിച്ചുകൂടാ എന്നതാണു് അമേരിക്കയുടെ നിലപാടു്.

അണ്വായുധങ്ങഠം പ്രയോഗിക്കുന്നതും, അവ പ്രയോഗിക്കുമെന്നു് ഭീഷണിപ്പെടുത്തുന്നതും മനുഷ്യവർഗത്തിനെതിരായ ഒരു പാതകമാണെന്നു പ്രഖ്യാപിക്കണമെന്നു് ആവശ്യപ്പെടുന്ന ഒരു പ്രമേയം 1983–ൽ ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലി പര്യാലോചനയ്ക്കു് എടുത്തു. റഷ്യയും ചൈനയും കിഴക്കേയൂറോപ്പിലെ രാജ്യങ്ങളും ചേരിചേരാ രാജ്യങ്ങളുമടക്കം നൂററിയിരുപത്താറു് അംഗരാഷ്ട്രങ്ങഠം ഈ പ്രമേയത്തിനു് അനുകൂലമായി വോട്ടുചെയ്തു. എന്നാൽ, അമേരിക്കയും ബ്രിട്ടനും ഫ്രാൻസും അടക്കം പതിനേഴു് പാശ്ചാത്യരാഷ്ട്രങ്ങഠം ഈ പ്രമേയത്തെ എതിർക്കുകയാണുണ്ടായതു്. ഇതിനർത്ഥം, ആവശ്യവും സൗകര്യവുമാണെന്നു തോന്നിയാൽ, അണുബോംബുകഠം പ്രയോഗിച്ചു തിരിച്ചടിക്കാൻ കഴിയാത്ത രാഷ്ട്രങ്ങളിലെ ജനങ്ങഠംക്കെതിരെ അമേരിക്കയും ബ്രിട്ടനും ഫ്രാൻസും അണ്വായുധങ്ങഠം പ്രയോഗിക്കാൻ മടിക്കുകയില്ലെന്നാണല്ലോ.

സമ്പന്നരാജ്യങ്ങളേക്കാളേറെ ആററംബോംബ് ഭീഷണിയെ നേരിടുന്നതു് ദരിദ്രരാജ്യങ്ങളാണു്. അതിനാൽ, അണ്വായുധനിരോധനത്തിനു വേണ്ടി വാദിക്കുന്ന പ്രസ്ഥാനത്തിൽ ദരിദ്രരാഷ്ട്രങ്ങളിലെ ജനതകഠം ഒററക്കെട്ടായി അണിനിരക്കേണ്ടതുമുണ്ടു്.

പക്ഷേ, പല ദരിദ്രരാജ്യങ്ങളുടെയും മുമ്പിൽ വന്നു വളർന്നു നിൽക്കുന്ന അടിയന്തരപ്രശ്നം അണുബോംബല്ല, പട്ടിണിയാണു്. ആഫ്രിക്കയിൽ, പ്രത്യേകിച്ച് എത്തിയോപ്പിയയിലും സഹാറയ്ക്കു തെക്കുള്ള രാജ്യങ്ങളിലും, കടുത്ത ക്ഷാമാവസ്ഥ നിലവിൽവന്നിരിക്കുന്നു. 'പട്ടിണി കൊണ്ടു പതുക്കെപ്പതുക്കെ മരിക്കുന്നതോ, ആററംബോംബ്സ്ഫോടനം കൊണ്ടു് ഉടൻ മരിക്കുന്നതോ, ഏതാണു് നിങ്ങഠംക്കു കൂടുതൽ ഇഷ്ടം?' എന്ന രൂപത്തിലാണു പ്രശ്നം അവതരിപ്പിക്കപ്പെടുന്നതെങ്കിൽ, ദരിദ്രജനങ്ങളുടെ പ്രതികരണം എന്തായിരിക്കും?

'ഇന്നത്തെ പ്രതികരണംപോലെയൊക്കെത്തന്നെ' എന്നായിരിക്കും ഈ ചോദ്യത്തിനുള്ള ഉത്തരം.

(21 നവംബർ, 1984)